**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **31-08-2022 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് കെട്ടിടം നിർമിക്കുവാൻ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കുറ്റിപ്പുറം, ഗവ.ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 13.08.2021 ലെ സ.ഉ(സാധാ) നം 114/2021/ധന ഉത്തരവ് പ്രകാരം കേരളത്തിലെ പൊതുമരാമത്തു പ്രവൃത്തികൾക്ക് 15/03/2019 മുൻകാല പ്രാബല്യത്തിൽ DSoR-2018 നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 554.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനു പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെ കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് സഹിതം എസ്റ്റിമേറ്റ് സമർപ്പിക്കാൻ 04.07.2022 ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിട നിർമാണത്തിന് സ്ട്രക്ച്ചറൽ ഡിസൈനും ആർക്കിടെക്ച്ചറൽ ഡിസൈനും പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ടി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനും ആർക്കിടെക്ചറൽ ഡിസൈനും പൂർത്തിയാക്കി സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ